പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടത്
ചോദ്യം നം: 1110

11.7.2011 -ൽ മറുപടിയ്ക്ക്

## 'നെൽകൃഷിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ'

ചോദ്യം
ശ്രീ. കെ. വി. വിജയദാസ്

മറുപടി
ശ്രീ. കെ.പി. മോഹനൻ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കേരളത്തിലെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ പാടശേഖര കമ്മിറ്റിക്ക് ഏക്കറൊന്നിന് 140 രൂപ മാത്രമാണ് ബോണസ്സായി നൽകുന്നതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും നെൽകൃഷിയിലേയ്ക്ക് കർഷകരെ ആകർഷിക്കുന്നതിനുമായി ഇപ്പോൾ നൽകിവരുന്ന 140 രൂപ വർദ്ധിപ്പിച്ച് 1,000 രൂപയെങ്കിലുമായി ഉയർത്തി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | നെല്ലുല്പാദന ബോണസ്സ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നെൽകൃഷി മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | 2011-12 വർഷം താഴെ പറയുന്ന പദ്ധതികൾ നെൽകൃഷി മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്നതാണ്.<br><br>1. ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം :<br>2900 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൻകീഴിൽ 1.7 ലക്ഷം ഹെക്ടറിൽ ഉല്പാദന ഉപാധികൾക്ക് ഹെക്ടറിന് 1,500/- രൂപ സഹായം നൽകുന്നതിനായി 25.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഹെക്ടറിന് 5,000/- രൂപ ധനസഹായം നൽകി 3000 ഹെക്ടറിൽ തരിശുപാടശേഖരം കൃഷിയോഗ്യമാക്കുന്നതിനും ഹെക്ടറിന് |

2,500/- രൂപ നിരക്കിൽ സഹായം നൽകി 2000 ഹെക്ടറിൽ അധിക വിളയായി പയർ, എള്ള്, ധാന്യം എന്നിവ കൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നു.

2. ഭക്ഷ്യസുരക്ഷാ പദ്ധതി

ഭക്ഷ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ വനിതാ സംഘങ്ങളിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും കരനെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ 500 ലക്ഷം രൂപ ചെലവഴിച്ച് തെരഞ്ഞെടുത്ത 10 ജില്ലകളിലെ 12 ബ്ലോക്കുകളിലായി വടക്കാഞ്ചേരി മോഡൽ രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള സഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

3. നെൽകൃഷി വികസനം - മാക്രോ മാനേജ്മെന്റ് പദ്ധതിയിലൂടെ :

549.71 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൻകീഴിൽ നൂതന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണ മേന്മയുള്ള വിത്തുപയോഗം പ്രചരിപ്പിക്കുന്നതിനും ജൈവ കീടനാശിനി ഉപയോഗം, അമ്ല നിർവീര്യമാക്കൽ, സൂക്ഷ്മ മൂലക വളപ്രയോഗം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉൾപ്പെടുന്നു.

4. നെൽകൃഷി വിള ഇൻഷ്വറൻസ് :

4 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൻകീഴിൽ നെൽകൃഷിക്ക് മാത്രമായി ഹെക്ടറിന് 12,500/- രൂപ നിരക്കിൽ സഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

5. സംയോജിത കീടരോഗ പരിപാലനം:

50 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൻകീഴിൽ കീടനിയന്ത്രണ

ത്തിനായി വിളക്കുകെണി സ്ഥാപിക്കൽ, ദ്രുത കർമ്മസേനയുടെ നേതൃത്വത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ സംയോജിത കീടരോഗ നിയന്ത്രണം നടത്തുക, സസ്യ സംരക്ഷണ നിർദ്ദേശങ്ങൾ, കീടരോഗ സാദ്ധ്യത അറിയിപ്പ് എന്നിവയ്ക്കായി പദ്ധതി വിഹിതം ഉപയോഗിച്ചു വരുന്നു.

6. പലിശരഹിത വായ്പ.

നെൽകൃഷി മേഖലയിൽ സഹകരണ ബാങ്കുകൾ വഴി പലിശരഹിത വായ്പ നൽകുന്നതിലേക്കായി സഹകരണ വകുപ്പിന്റെ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട്

വിളവെടുപ്പ് കാലത്ത് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനായി സർക്കാർ ഏജൻസി മുഖാന്തിരം കിലോഗ്രാമിന് 14 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 350 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

8. ഉല്പാദന ബോണസ് :

ഹെക്ടറിന് 350 രൂപ നിരക്കിൽ ഓരോ വിളയ്ക്കും ഉല്പാദന ബോണസ് നൽകുന്നതിലേക്കായി ഈ വർഷം 1137.93 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഡീസൽ വില വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ കർഷകർക്ക് ഏക്കറൊന്നിന് 500 രൂപാ നിരക്കിലെങ്കിലും 'ഉഴവുകൂലി' നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | സർക്കാരിന് അധിക ബാദ്ധ്യത വരുന്നതിനാൽ ഇപ്രകാരം ഉഴവുകൂലി നൽകുന്നതിനുള്ള സംസ്ഥാന പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ